(സി) ഡിപ്ലാർട്ടുമെൻറിൽതന്നെ ചന്ദ്രണ്ടിൽപരം വർഷം സർവ്വീസുള്ള വരും ഹയർഗ്രേഡു് നേഴ്സിംഗ് പാസ്സായിട്ടുള്ളവരും ആയ ആരെങ്കിലും മിഡ് വൈഫായി ജോലി ചെയ്യുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അങ്ങിനെ യോഗ്യതയും സർവ്വീസും ഉള്ളവരെ പബ്ലിക്ക് ഹെൽത്ത് നേഴ്സായി പ്രമോട്ട ചെയ്യാഞ്ഞതു് എന്തുകൊണ്ടു് ;

(ഇ) പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ പബ്ലിക്ക് ഹെൽത്ത് നേഴ്സായി ആരെയാണു് നിയമിച്ചതു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മൂന്നുകൊല്ലക്കാലം നീണ്ടുനിൽക്കുന്ന "Medical and Surgical Higher Grade Nursing" പാസ്സായിട്ടുള്ളതും ഫെ-ൽ പരം വർഷം സർവ്വീസുള്ളതുമായ ഒരാൾ മിഡ്വൈഫായി ജോലിചെയ്യുന്നുണ്ടു്.

(ഡി) കൂടുതൽ യോഗ്യതയുണ്ടായിരുന്നവരും ഗവൺമെൻറു ചെലവിൽ നാലുകൊല്ലത്തെ പരിശീലനം നൽകപ്പെട്ടിരുന്നവരുമായ ആളുകൾ "പബ്ലിക്ക ഹെൽത്ത് നേഴ്സ്" ഉദ്യോഗത്തിനു് യോഗ്യരായി ഉണ്ടായിരുന്നതിനാൽ മുകളിൽ പ്രസ്താവിച്ച മിഡ്വൈഫിനെ പബ്ലിക്ക ഹെൽത്ത് നേഴ്സായി പ്രമോട്ട ചെയ്യുകയുണ്ടായില്ല.

(ഇ) പബ്ലിക്ക ഹെൽത്ത് ഡയറക്ടർ "പബ്ലിക്ക ഹെൽത്ത് നേഴ്സായി" ആരെയും നിയമിച്ചിട്ടില്ല.

തിരു–കൊച്ചി ട്രാവൽ ബ്യൂറോ

*ഫ്നം. (നമ്പർ) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു. കൊച്ചി ട്രാവൽ ബ്യൂറോ (The Travancore-Cochin Travel Bureau) എന്ന പേരിൽ തിരുവനന്തപുരത്തു് അടുത്തകാലത്തു് രൂപീകരിച്ചതായി പറഞ്ഞിട്ടുള്ള കമ്പനിയെ സംസ്ഥാനത്തെ ടൂറിസ്റ്റ് ഏജൻസി (Tourist Agency) ആയി അംഗീകരിച്ചു് ഗവൺമെൻറിൽനിന്നും ഏതാനും സർക്കാർവക റെസ്റ്റ് ഹൗസ്സും, കെട്ടിടങ്ങളും അവർക്കു് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രാവൽ ബ്യൂറോയുടെ ഡയറക്ടറന്മാരും മാനേജിങ്ങ് ഡയറക്ടരും ആരെല്ലാം ആണു് ;

(സി) ഗവൺമെൻറിൽനിന്നും എത്ര ഷെയറുകൾ ഈ കമ്പനിയിൽ എടുത്തിട്ടുണ്ടു് ;

(ഡി) ഷെയർ വിലയായി എത്ര രൂപ ഗവൺമെൻറിൽനിന്നും ഈ കമ്പനിക്കു് നൽകേണ്ടതായുണ്ടു് ; എത്ര രൂപ കൊടുത്തിട്ടുണ്ടു് ;

(ഇ) ഗവൺമെൻറു വക കെട്ടിടങ്ങൾ അവരെ ഏല്പിച്ചിരിക്കുന്നതു് ഏതു വ്യവസ്ഥയിലാണു് ;

(എഫ്) ഓരോ കെട്ടിടത്തിനും ഗവൺമെൻറിനു് നൽകേണ്ട തുക എന്തടിസ്ഥാനത്തിലാണു് തീരുമാനിക്കപ്പെട്ടതു് ; പ്രസ്തുത തുകകൾ നിശ്ചയിച്ചതു് ആരാണു് ;

(ജി) പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൻെറയോ ഏതെങ്കിലും ഡിപ്പാർട്ടുമെൻറുകളുടെയോ അഭിപ്രായം ആരാഞ്ഞതിൻെറ ശേഷമാണോ ഗവൺമെൻറിലേക്കു് അടക്കേണ്ട തുക നിശ്ചയിച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) The Travancore-Cochin Travel Bureau Ltd., Trivandrum എന്ന കമ്പനിയെ തിരു-കൊച്ചി സംസ്ഥാനത്തെ ടൂറിസ്റ്റ് ഏജൻസി ആയി അംഗീകരിച്ചുകൊണ്ട് ഗവൺമെൻറ് ഉത്തരവു ചെയ്തിട്ടുണ്ട്. പക്ഷെ ഈ ചോദ്യത്തിൽ പ്രസ്താവിച്ചിട്ടുള്ള കെട്ടിടങ്ങൾ കമ്പനിക്ക് വിട്ടുകൊടുത്തിട്ടില്ല. വിട്ടുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

1. The United Corporation, Trivandrum—Managing Agents.
2. Sri. K. R. Elankath, Trivandrum, Director.
3. ,, P. R. Rama Varma Raja, Trivandrum, Managing Agents.
4. ,, K. M. Chandy, Maramon, do.
5. ,, A. V. George, Kottayam do.
6. ,, Parayath Raman Menon, North Parur do.
7. ,, K. R. G. Menon, Trivandrum.
8. Director, State Guest Department, Trivandrum, Government Director.

(സി) ഓൺ ഡി) ൽ, ൦ ൦ ൦ (അയ്യായിരം) രൂപയിൽ കവിയാതെ വിലവരുന്ന ഷെയറുകളെ ഗവൺമെൻറ് എടുക്കാവൂ എന്ന് ഗവൺമെൻറ് ഉത്തരവു ചെയ്തിട്ടുണ്ട്. എത്ര ഷെയറുകൾ എടുക്കണമെന്നും എത്ര രൂപ ഇപ്പോൾ കമ്പനിക്ക് ഷെയർ വില വകയിൽ കൊടുക്കണമെന്നും ഉള്ള കാര്യങ്ങൾ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

(ഇ) കെട്ടിടങ്ങൾ കമ്പനിയെ ഏല്പിച്ചുകഴിഞ്ഞിട്ടില്ല. എല്ലാ വ്യവസ്ഥകളിന്മേലാണ് കെട്ടിടങ്ങൾ ഏല്പിച്ചുകൊടുക്കേണ്ടത് എന്ന കാര്യം ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

		Rent per mensem	*Plus % of turnover*
1.	Cape Hotel	300	10
2.	Cape Rest House	50	10
3.	Mascot Hotel	500	5
4.	Varakala Camp Shed	30	10
5.	Kottayam Camp Shed	75	10
6.	Alleppey Small Rest House	75	10
7.	Alwaye Rest House	200	10
8.	Ernakulam Rest House	150	10
9.	Trichur Guest House	200	10
10.	Peermade Rest House	150 (Tentative)	10
11.	Thekkadi Rest House	50	10
12.	Munnar Rest House	100	10

(എഫ്) പി. ഡബ്ലിയു. ഡി. ചീഫ് എൻജിനീയരോട് ആലോചിച്ച ശേഷം ഗവൺമെൻറാണ് മേൽകാണിച്ച തുകകൾ നിശ്ചയിച്ചതു്.

(ജി) പി. ഡബ്ലിയു. ഡി. യോട് ആലോചിച്ചിട്ടുണ്ട്.

ടാൻസ്പോർട്ട് ഡ്രൈവറന്മാർ

*ശ്രീ. (ശ്രീമതി) ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ടാൻസ്പോർട്ട് ബസ്സ് ബ്രേക്ക് ഡൗണായാൽ (കേടുവന്നാൽ) കൺഡക്ടറന്മാരോ, ഡ്രൈവറന്മാരോ കേട് തീർക്കുന്നതിന് ശ്രമിക്കുവാൻ പാടില്ലെന്ന് സർക്കുലർ ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly